പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചി സ്വീവറേജ് പദ്ധതിയിൽ 4.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ഒരു മലിനജലം സംസ്ക്കരണശാല പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് സ്വീവറേജ് പദ്ധതിയിൽ മലിനജല സംസ്ക്കരണ ശാല വിഭാവന ചെയ്തിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പണികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

യൂറോപ്യൻ സാമ്പത്തികസഹായത്തോടെ ജലസേചന പദ്ധതി

57 (1968) പ്രൊഫ. എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യൂറോപ്യൻ സഹായത്തോടെ എത്ര ജലസേചന പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്നും ഇവ ഏതെല്ലാമാണെന്നും വിശദമാക്കാമോ ;

(ബി) ഇവ ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും നടപ്പു സാമ്പത്തികവർഷം എത്രയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നതെന്നും വെളിപ്പെടുത്തുമോ ;

(സി) നാളിതുവരെ ഇവയ്ക്കോരോന്നിനും എന്ത് തുക ചെലവാക്കിയിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ഡി) ഇവ ഓരോന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ഇ) ഇവയുടെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ, ബി & സി) സംസ്ഥാനത്ത് നാളിതുവരെ 227 ജലസേചന പദ്ധതികളാണ് യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ നടപ്പാക്കിവരുന്നത്. വിശദവിവരം അനുബന്ധം-1 ആയി† ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോന്നിന്റേയും എസ്റ്റിമേറ്റ് തുകയും ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള 8 കോടി രൂപയാണ് ചെലവാക്കാൻ ഉദ്ദേശിക്കുന്നത്. നാളിതുവരെ ഇവയ്ക്കോരോന്നിനും ചെലവാക്കിയ തുകയും വർഷം തിരിച്ച് ലിസ്റ്റിൽ ചേർത്തിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ച 227 പണികളിൽ 131 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവ 2000 മാണ്ട് ജൂൺ മാസത്തിന് മുൻപ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം-2 ആയി† ചേർത്തിരിക്കുന്നു. മേൽപ്പറഞ്ഞ എല്ലാ പണികളും ത്വരിതഗതിയിൽ നടപ്പാക്കികൊണ്ടിരിക്കുകയാണ്.

---

†അനുബന്ധം VI (a, b)

LIBRARY ARCHIVES Kerala Legislative Assembly